

ഒക്ടോബർ– 2022

# മെത്രാപ്പോലീത്തായുടെ കത്ത്

കർത്താവിൽ പ്രിയരെ,

ഏവർക്കും ക്രിസ്തുയേശുവിൽ സ്നേഹവന്ദനം

മാർത്തോമ്മാ സഭാ പ്രതിനിധി മണ്ഡലം 2022 സെപ്തംബർ 13,14,15 തീയതികളിൽ തിരുവല്ല ഡോ. അലക്സാണ്ടർ മാർത്തോമ്മാ വലിയ മെത്രാപ്പോലീത്താ സ്മാരക ആഡിറ്റോറിയത്തിൽ വെച്ച് അനുഗ്രഹപ്രദമായി നടത്തുവാൻ ഇടയായതിൽ ദൈവത്തെ സ്തുതിക്കുന്നു. അർത്ഥവത്തായ സാന്നിദ്ധ്യവും പങ്കാളിത്തവും നല്കി മണ്ഡലയോഗ നടപടികൾ ഭംഗിയായി പൂർത്തീകരിക്കുവാൻ സഹകരിച്ച മണ്ഡലാംഗങ്ങളെ എല്ലാവരെയും അഭിനന്ദിക്കുകയും ഏവരോടുമുള്ള നന്ദി അറിയിക്കുകയും ചെയ്യുന്നു. എപ്പിസ്കോപ്പൽ സിനഡ് സെപ്തംബർ 16, 17 തീയതികളിൽ കൂടി മണ്ഡല തീരുമാനങ്ങൾക്ക് അംഗീകാരം നല്കുകയും, മണ്ഡലം – സിനഡ് തീരുമാനങ്ങൾ സർക്കുലർ കല്പനകൾ മൂലം ഏവരെയും അറിയിക്കുകയും ചെയ്തിട്ടുണ്ട്. അവയുടെ താൽപര്യങ്ങൾക്കനുസരിച്ച് എല്ലാവരും പ്രവർത്തിക്കുകയും സഭയുടെ ശുശ്രൂഷകൾ ദൈവനാമ മഹത്വത്തിനായിത്തീരുവാൻ പ്രാർത്ഥിക്കുകയും ചെയ്യണം.

സെപ്തംബർ 16–ാം തീയതി രാവിലെ 7 മണിക്ക് തിരുവല്ല സെന്റ് തോമസ് മാർത്തോമ്മാ പള്ളിയിൽ വെച്ച് മൂറോൻ കൂദാശ നടത്തി. സഭയിലെ തിരുമേനിമാരും, വൈദിക- അത്മായ പ്രതിനിധികളും, സഭാ ഔദ്യോഗിക ചുമതലക്കാരും ഈ കൂദാശയിൽ പങ്കാളികളായി. പ്രത്യേക സുഗന്ധവർഗ്ഗങ്ങൾ നിശ്ചിത അളവിൽ ചേർത്ത് പ്രാർത്ഥനകളോടെ തയ്യാറാക്കുന്നതാണ് വി. മൂറോൻ. വി. മാമോദീസ ശുശ്രൂഷയിൽ പരിശുദ്ധാത്മ നൽവരത്തിന്റെ അടയാളമായി സ്നാപനാർത്ഥിയെ അഭിഷേകം ചെയ്യുന്നതിനും, ദൈവാലയകൂദാശയിലും വി. മൂറോൻ ഉപയോഗിക്കുന്നു. ആദിമ സഭയിൽ ശ്ലീഹന്മാരാണ് സ്നാനവും കൈവെയ്പ്പും നൽകി വിശ്വാസികളെ സഭയോട് ചേർത്തിരുന്നത് (അപ്പോ. പ്ര. 2: 4, 38, 41, 4:31). ക്രമേണ സ്നാപനാർത്ഥികളുടെ എണ്ണം വർദ്ധിച്ചപ്പോൾ ശ്ലീഹന്മാർക്ക് എല്ലായിടത്തും ചെന്നുചേരുക അസാദ്ധ്യമായതിനാൽ വി. ശ്ലീഹന്മാർ വി. അഭിഷേക തൈലം ആശീർവ്വദിച്ച് പ്രാദേശിക സഭാദ്ധ്യക്ഷന്മാരെ ഭരമേല്പിച്ചു. ശ്ലൈഹിക പിൻതുടർച്ച അനുസ്മരിപ്പിക്കുവാൻ ഓരോ പ്രാവശ്യവും മൂറോൻ കൂദാശ നടത്തുമ്പോഴും അതിന് മുൻപ് കൂദാശചെയ്ത തൈലത്തിൽ നിന്നും അല്പം പുതിയ തൈലത്തിൽ കലർത്താറുണ്ട്.

നമ്മുടെ അഭി. ഡോ. എബ്രഹാം മാർ പൗലോസ് എപ്പിസ്ക്കോപ്പാ തിരുമേനി വേൾഡ് കൗൺസിൽ ഓഫ് ചർച്ചസിന്റെ (WCC) എക്സിക്യൂട്ടീവ് കമ്മിറ്റി അംഗമായും, നമ്മുടെ സഭാംഗങ്ങളായ, ശ്രീമതി. ഏലിയാമ്മ തോമസ് (ലീന) നാഷണൽ കൗൺസിൽ ഓഫ് ചർച്ചസ് ഇൻ ഇൻഡ്യയുടെ (NCCI) പ്രസിഡന്റായും, ഡോ. അശ്വതി ജോൺ (സെറാമ്പൂർ കോളേജ് വൈസ് പ്രിൻസിപ്പാൾ) സെറാംപൂർ കോളേജിന്റെ ഗവേഷണവിഭാഗമായ സത്രി (SATHRI) യുടെ ഡീൻ ഓഫ് റിസേർച്ച് ആയും തിരഞ്ഞെടുക്കപ്പെട്ടു. സഭൈക്യപ്രസ്ഥാനങ്ങളുടെയും ദൈവശാസ്ത്ര സ്ഥാപനകളുടെയും സമുന്നത നേതൃത്വത്തിലേക്ക് നിയോഗിതരാകുന്ന ഇവരെ ഓർത്ത് ദൈവത്തെ സ്തുതിക്കുകയും മാർത്തോമ്മാ സഭയുടെ അഭിനന്ദനങ്ങളും ആശംസകളും അറിയിക്കുകയും ചെയ്യുന്നു.

വികാരി ജനറാൾ വെരി. റവ. ഡോ. പി. പി. എബ്രഹാം (അടൂർ), റവ. വി. ജോർജ്ജ് മാത്യു (നെല്ലിക്കാല) എന്നീ സീനിയർ വൈദീകർ കർത്തൃസന്നിധിയിലേക്ക് ചേർക്കപ്പെട്ടു. സഭയിലും സമൂഹത്തിലും ഇടവകകളിലൂടെയും സ്ഥാപനകളിലൂടെയും ദീർഘവർഷങ്ങൾ ഇവർ കുടുംബമായി നല്കിയ ധന്യനേതൃത്വത്തിനായി ദൈവത്തെ സ്തുതിക്കുന്നു. കുടുംബാംഗങ്ങളുടെ ദുഃഖത്തിൽ പങ്ചേരുകയും സഭയുടെ അനുശോചനം അറിയിക്കുകയും ചെയ്യുന്നു. തിരുവനന്തപുരം പേരൂർക്കട എബനേസർ മാർത്തോമ്മാ ഇടവകാംഗം അഡ്വ. പി. എ. സൈറസ് നിര്യാതനായി. ക്രിസ്തീയ ശിഷ്യത്വത്തിന്റെ വ്യത്യസ്ഥമായ ശൈലിയിലൂടെ പാർശ്വവത്ക്കരിക്കപ്പെട്ടവരുടെ മോചനത്തിനായി ജീവിതം സമർപ്പിക്കുകയും, ദരിദ്രരുടെ വിമോചനം സ്വപ്നം കാണുകയും ചെയ്ത വ്യക്തിത്വത്തിന്റെ ഉടമയായിരുന്നു. കഴിഞ്ഞ സഭാ പ്രതിനിധി മണ്ഡലത്തിൽ മാനവ സേവാ അവാർഡ് നല്കി അദ്ദേഹത്തെ സഭയായി ആദരിക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ നിസ്വാർത്ഥവും വിശ്രമരഹിതവുമായ സുവിശേഷ ദൗത്യനിർവ്വഹണത്തിനായി ദൈവത്തെ സ്തുതിക്കുന്നു. സഭയുടെ അനുശോചനം രേഖപ്പെടുത്തുന്നു ●

നമ്മുടെ കർത്താവേശുമ്ശിഹായുടെ കൃപ
നിങ്ങളേവരോടും കൂടെയിരിക്കട്ടെ.

പൂലാത്തീൻ
26. 09. 2022

**ഡോ. തിയഡോഷ്യസ്**
**മാർത്തോമ്മാ മെത്രാപ്പോലീത്താ**